ഇറയം
റിസർച്ച് ജേർണൽ
January - April 2022 Volume VI Issue 1

# കാവ്യയജ്ഞകല : ശ്രീ.എസ്.രമേശൻനായരുടെ തിരഞ്ഞെടുത്ത കവിതകളെ ആസ്പദമാക്കിയുള്ള പഠനം

ഡോ. ആർ. അശ്വതി

**ആമുഖം**

ദേശസംസ്കാരങ്ങളുടെ സൂക്ഷ്മസ്പന്ദങ്ങൾ കവിതയിൽ ആവാഹിച്ച് നാടിന്റെ ചരിത്രവും വർത്തമാനവും നിതാന്ത വിമർശനങ്ങൾക്ക് വിധേയമാക്കിയ കവിയാണ് എസ്. രമേശൻനായർ. പൊതുവേ പരമഭക്തിയുടെ മുക്തകങ്ങളാണ് അദ്ദേഹത്തിന്റെ കവിതകൾ. അത് പരമാത്മചൈതന്യത്തോടോ പ്രപഞ്ചദർശനത്തോടോ പുരുഷാർത്ഥവ്യാഖ്യാനങ്ങളോടോ പവിത്രദേശത്തോടോ പാവനമാതൃത്വത്തോടോ പൂർവ്വഗുരുപരമ്പരകളോടോ ഉള്ള സമ്യക്കായ പ്രതികരണങ്ങളാണ്. കവിതയോടുള്ള വളരെ സത്യസന്ധമായ സമീപനം ജീവിതത്തിന്റെ നേർക്കാഴ്ചകളെ ഉള്ളിലും ഉണർവിലും കവി അനുഭവിപ്പിക്കുന്നു. എഴുത്തുകാരന്റെ ആത്മദർശനമാണത്.

'സ്വാതിമേഘം"സ്വാതിതിരുനാൾ മഹാരാജാവിനോടുള്ള കവിയുടെ അടങ്ങാത്ത ആരാധനയുടെ കാവ്യാവിഷ്ക്കാരമാണ്. അനാഥത്വങ്ങളെ സനാഥമാക്കുന്ന മനഃശാസ്ത്രതത്ത്വമാണ് ആ മേഘപ്പെയ്ത്തിലുള്ളത്. ജന്മം കൊണ്ടുതന്നെ തിരുവിതാംകൂർ ചരിത്രം മാറ്റിയെഴുതിയ പ്രജാക്ഷേമ തല്പരനായ മഹാരാജാവിന്റെ ബഹുമുഖവ്യക്തിത്വത്തിന്റെ വാങ്മയചിത്രമാണ് 'സ്വാതിമേഘം' എന്ന കവിത.

മേഘം കവിക്ക് ഏറ്റവും പ്രിയമുള്ള പ്രതീകമാണ്. നീലമേഘം, കൃഷ്ണമേഘം, സ്വാതിമേഘം, സ്നേഹമേഘം... അങ്ങനെയങ്ങനെ ധ്യാനലഹരിയായ്, അമൃതവർഷിണിയായ് കവിയനുഭവിക്കുന്ന പരമാനന്ദമാണത്. ഉള്ളം തണുപ്പിച്ച് ഉയിരാകെ പടർന്നുപിടിക്കുന്ന പ്രതീക്ഷയുടെ കതിരാണത്. മേഘം ജീവസ്പന്ദങ്ങൾ നെഞ്ചേറ്റി മണ്ണിലും മനസ്സിലും ജീവിതത്തിലും വികാരങ്ങളുടെ പുതിയ വിത്തുകൾ വർഷിക്കുന്നു. നിറച്ചാലും നിറച്ചാലും തീരാത്ത മോഹവും പെയ്താലും പെയ്താലും തീരാത്ത കുളിരുമാണത്.

**സ്വാതിസ്മൃതികളിലൂടെ ഒരു സംഗീതയാത്ര**

ശ്രീരാഗഗർഭം, അമൃതമാരി, അനുരാഗമാലിക, സിന്ധുഭൈരവി, തേരിന്റെ ഹിന്ദോളം, ത്രിപുടതാളം, ആഭീരമായ്, ഭൈരവി വരിക്കും, സന്താപകല്ല്യാണി, ശങ്കരാഭരണം, ഭൂപാളസിംഹാസനം, ഓടീതോടികൾ, പഞ്ചുവരാളിമാർ, മോഹനചക്രവാകം, ഹരികാംബോജിയ്ക്കുനാവറ്റു, ഇടറിത്തെന്നുന്നഹംസധ്വനി, മായാമാളവഗൗളമൗനം, സുധാവർഷിണീരാഗം എന്നിങ്ങനെയുള്ള രാഗതാള വിസ്താരങ്ങളിൽ സ്വാതി  തിരുനാളിന്റെ സമഗ്രജീവിതം കവി വിവരിക്കുന്നു.

പുണ്യപുരാണങ്ങൾ പ്രകീർത്തിച്ച നാദബ്രഹ്മശിവാബ്ധി ച്ചൂഴ്ന്ന നടുവിൽപ്പൊന്തും 'കിളിപ്പച്ച' കേരളമാണ്. സംഗീതത്തിന്റെ സൗന്ദര്യക്കടൽ എന്ന അർത്ഥപരിധിക്കപ്പുറം ഐതിഹാസികമായ പരശുരാമകഥ കൂടി ഉയർന്നുവരുന്ന പാരിസ്ഥിതിക ധ്വനി വരികൾക്കിടയിൽ വായിച്ചെടുക്കാം. ദുർ

ബലമായിത്തീർന്നേക്കാവുന്ന തിരുവിതാംകൂറിന്റെ സംഗീതതന്ത്രികളെ ആയുസ്സോടിണക്കിച്ചേർത്ത് (ശ്രീരാഗം-ഗർഭശ്രീമാൻ) ആ തിരുമനസ്സ് കവിയുടെ മനസ്സായി മാറുന്നു. ഇരയിമ്മസൗമ്യകണ്ഠത്തിൽ വിടർന്ന 'ഓമനത്തിങ്കളി'ന്റെ മധുവുണ്ട് വളർന്ന പൂമുഖം ഹൃദയാകാശങ്ങളിൽ അമൃതവർഷിണിയായി. ഞാനെന്ന ഭാവമില്ലാതെ അനന്തശായിക്ക് സമർപ്പിച്ച് ഈ നാടു കാത്ത പൗരുഷം സംഗീത മുകിലായി ഓരോ മനസ്സിലും കർപ്പൂരമഴയായി പെയ്യുന്നു. പ്രപഞ്ചത്തെ ഏകനീഡമായിക്കണ്ട ആ വിശ്വദർശനസപര്യ ആകാശത്തെയും ഭൂമിയെയും ഒന്നായി ബന്ധിച്ചത് സംഗീതത്തിന്റെ ഭാഷകൊണ്ട് മാത്രമായിരുന്നു. സിന്ധുഭൈരവി-രാഗവും ജീവിതവുമായി അദ്ദേഹത്തിന്റെ ത്രിസന്ധ്യകൾ നിറച്ചു.

"നട്ടപ്പാതിരയിങ്കലൂടുവഴിയിൽ-
ത്തേരിന്റെ ഹിന്ദോള?മാ-
രൊറ്റയ്ക്കും കുതിരയ്ക്കുമേൽ ത്രിപുടതാ-
ളത്തിൽക്കുതിക്കുന്നവൻ?
നടന്മാരൊടു ഗീതവിദ്യനികഴും
ദർബ്ബാറിലാഭീരമായ്-
ക്കത്തും കാന്തവിളക്കു? ഭൈരവി വരിയ്-
ക്കും സ്വാതിനക്ഷത്രവും"(സ്വാതിമേഘം).

ഹിന്ദോളത്തിന്റെ തേരിൽ ത്രിപുടതാളത്തിൽ കുതിയ്ക്കുന്ന, അഭിനയനൃത്ത വിദ്വാന്മാരുടെ ദർബാറിൽ ആഭീരാഗമായ് ഭൈരവി വരിക്കുന്ന സ്വാതിനക്ഷത്രത്തിന്റെ കാവ്യചിത്രം ധീരോജ്ജ്വലവും സംഗീതാർദ്രവുമായ ഏതേതഭൗമലോകങ്ങളിലേക്കാണ് സഹൃദയനെ കൊണ്ടെത്തിക്കാതിരിക്കുക?

'പരമാനന്ദസ്മൃതിക്കട്ടിലിൽ വിരഹം' തീർത്ത സന്താപകല്ല്യാണിയായ് പ്രാണനാഥപ്രിയം പങ്കിട്ട തിരുവട്ടാർ അമ്മവീടും സമാശ്വാസത്തിന്റെ പ്രണയം പതിയ്ക്കുന്നു. തിരുവനന്തപുരത്തെ നക്ഷത്രബംഗ്ലാവും (നക്ഷത്രം വിളയുന്ന മണ്ഡപത്തിന് ഷട്കാലഗോവിന്ദമാരാർ, ഇരയിമ്മൻതമ്പി, പരമേശ്വരഭാഗവതർ, കണ്ണയ്യ, പൊന്നയ്യ, വടിവേലു തുടങ്ങിയ ത്യാഗരാജശിഷ്യർ, വാദ്യ, നൃത്ത, ചിത്രമെഴുത്ത് കലാകാരന്മാർ എന്നിവരുൾപ്പെട്ട സദസ്സ് എന്നൊരു വ്യാഖ്യാനം കൂടിയുണ്ട്. അഹങ്കാരത്തെ വാത്സല്യം കൊണ്ട് ശിക്ഷിക്കുന്ന മഹത്വമാർന്ന അന്യാദൃശ വ്യക്തിത്വവും കർമ്മവിരുതിനാൽനിർമ്മിച്ച മഹാസ്ഥാപനങ്ങളും (അന്യകലയിൽ കണ്ണായ പുണ്യാലയം-ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്, രക്ഷാബന്ധം-തിരുവിതാംകൂറിലെ ആദ്യത്തെ സർക്കാർ ആശുപത്രി) അദ്ദേഹത്തെ നാടിന്റെ ഭാഗ്യക്കുറിയാക്കി.

സ്വാതിതിരുനാൾ തിരുവിതാംകൂറിൽ തീർത്ത ഓണനാളുകൾ നമ്മിൽ ഉത്സവത്തിന്റെ സംഗീതാഭിനിവേശങ്ങൾ നിറയ്ക്കുമ്പോഴും അകം നീറുന്ന ഒരു വേദന സ്വാതിയുടെ കരം തേടുന്ന തംബുരുവിന്റെ തേങ്ങലായി ഇരുളിൽ പരതുന്നു.

"ഓടീതോടികൾ കായലിൽ, പ്രിയരുമൊ-
ത്തുഞ്ഞാലിലോണങ്ങൾ കൊ-
ണ്ടാടീ പന്തുവരാളിമാ,രതിനുകൈ-
കൊട്ടീ വിരാടൻ വിഭു!
പാടീ മോഹനചക്രവാക,മകമേ
നീറുമ്പോഴും നിൻകരം-

തേടീ തംബുരുവിന്റെ തേങ്ങ,ലിരുളിൽ-
തത്തുന്ന വെട്ടങ്ങളിൽ!"

ഇങ്ങനെ കവിതയുടെ രണ്ടാം പകുതി സ്വാതിയുടെ നക്ഷത്രപ്രഭ മങ്ങിയ വേണാടിന്റെ ചിത്രവും നിരാധാരമായ ശാസ്ത്രീയസംഗീതത്തിന്റെ വർത്തമാനാവസ്ഥയും വിവരിക്കുന്നു. പാഴ്ക്കോട്ടാരവട്ടങ്ങളിൽ ഉരുമ്പായ്ക്കഴിഞ്ഞിരിക്കുന്ന ധീരചരിത്രവായ്ത്തലകൾ. (വായ്ത്തലയ്ക്ക് ചരിത്രഗാഥയുടെ ആയുധമൂർച്ച എന്നും വായ് = ശബ്ദം, തല = ആൾ എന്നും സാമാന്യമായി അർത്ഥം പറയാം. സ്വാതിക്ക് പകരം വയ്ക്കാൻ മറ്റൊരു ശബ്ദമോ ആളോ ഇല്ലായെന്ന അവസ്ഥ. വാക്കുകൾ തിരഞ്ഞെടുക്കുന്നതിലും പ്രയോഗിക്കുന്നതിലുമുള്ള കവിയുടെ ഔചിത്യം പ്രകടമാണ്.) ഭൂപാളം നിറഞ്ഞ പ്രഭാതങ്ങളുറങ്ങി, പ്രഭാതപ്രദോഷകാലങ്ങളുടെ (സംഗീതത്തിലെ കാലസങ്കല്പം) ആരോഹണാവരോഹണങ്ങളിൽ ഹംസധ്വനിയിടറിത്തെന്നുന്ന, മായാമാളവഗൗളങ്ങൾ മൗനഭജനം പൂണ്ടിരിക്കുന്ന, ഉദരനിമിത്തം ബഹുകൃതവേഷം എന്ന മട്ടിൽ സംഗീതം വിറ്റുകാശാക്കുന്ന, ഏതോ പല്ലവിയായ് സ്വപ്നങ്ങൾ തളിർത്തുകരിയുന്ന, ഹതമോഹത്തിന്റെ പൈക്കുട്ടികൾ ആകാശഗംഗയുടെ തീരം തേടി അലയുന്ന, ജ്യൂ◌ം ജീവതന്ത്രി തകർന്ന തംബുരുവായ് മാറിയിരിക്കുന്നു... അതുകൊണ്ട്,

"സുധാവർഷിണിരാഗത്തിൻ പൊരുളേ
കനത്ത മുകിലായ്പ്പെയ്യാനണഞ്ഞാവൂ നീ"

എന്നാണ് കവി സ്വാതിമേഘത്തോട് പ്രാർത്ഥിക്കുന്നത്. കവിതയുരുകിയൊലിച്ച സ്വാതിതിരുനാളിന്റെ ചരിത്രവും സംഗീതജീവിതവും 'സ്വാതിമേഘ'ത്തിലൂടെ നമുക്ക് സമ്മാനിക്കുന്നത് ആപാദമധുരവും അവ്യാഖ്യേയവുമായ അനുഭൂതിതലങ്ങളാണ്. കവിതയുടെ ഈ കലാതന്ത്രം കൈവശമാക്കിയ എത്ര മഹാകവികളുണ്ട് മലയാളത്തിൽ? കവിയുടെ കവനവൈഭവത്തെ പ്രശംസിച്ചുകൊണ്ട് 1985 മാർച്ച് ലക്കം 'കവനകൗതുക'ത്തിൽ പത്രാധിപസമിതി ഇങ്ങനെ വിലയിരുത്തി. "ആധുനികകവിത ശ്ലോകത്തിലെഴുതാൻ ആവില്ല പോലും! ആരാണ് അത് തീരുമാനിക്കാൻ? കാക്കപ്പൊന്ന് കച്ചവടക്കാരനാണോ? അത്യന്താധുനികരെന്ന് ഞെളിഞ്ഞുപിരിയുന്നവർ ഈ യുവമഹാകവിയോട് ആ കവനരഹസ്യം അന്വേഷിച്ചറിയട്ടെ". ഇങ്ങനെ ആധുനികവും നവീനവുമായ മലയാളകവിതയുടെ നേർസഞ്ചാരത്തിൽ ഇന്നും എന്നും അഭിമാനത്തോടെ തലയുയർത്തിനിൽക്കുന്ന 'സ്വാതിമേഘ'ത്തിന്റെ സ്വന്തം കവി.

**കാവ്യയജ്ഞകല**

ജീവിതമെന്ന യാഗത്തെ അർത്ഥപൂർണമാക്കുന്ന തത്ത്വമാണ് 'സോമയാഗം' എന്ന കവിത, മനുഷ്യധർമ്മാനുഷ്ഠാനങ്ങളുടെ (ജീവിതത്തിന്റെ) കർമ്മകാണ്ഡമാണ് യാഗം. അവിടെ യജമാനനും യാഗാഗ്നിയും വേദത്തെ ധ്യാനത്തിൽ പൊതിയുന്ന യാഗശാലയും (കരങ്ങൾ) സ്രുവവും (ഹോമത്തിനുള്ള തവി) നട്ടെല്ലാകുന്ന യൂപവും (ബലിമൃഗത്തെ കെട്ടുന്ന സ്തൂപം) മനസ്സാകുന്ന പശുവും 'ഞാൻ തന്നെയാണെന്ന് കവി വ്യക്തമാക്കുന്നതിങ്ങനെ;

"ഞാനത്രേ യജമാന,നെന്റെ മിഴിയിൽ
ത്രേതാഗ്നി, ഋത്വിക്കിനെ-
ദ്ധ്യാനത്തിൽപ്പൊതിയുന്ന ശാലയുമിവൻ
താ,നെന്റെ കയ്യേ സ്രുവം;
ഈ നട്ടെല്ലിത് യൂപ,മെന്റെയഹമാ-
കുന്നു ഹവി,സ്സെന്മന-

സ്സാണല്ലോ പശു! സോമയാഗകലയാ-
ണിന്നെൻ ദ്വിതീയാശ്രമം!"

ഈ ദ്വിതീയാശ്രമസങ്കല്പമെന്നത് കവിക്ക് കാവ്യജീവിതം കൂടിയാണ്. 'പറഞ്ഞുപോകരുതിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം!' എന്ന ഇടശ്ശേരിയുടെ കാവ്യവിളംബരം എസ്. രമേശൻനായരുടെ യജ്ഞകലയ്ക്കും അനുയോജ്യമാണ്.

ആർഷസംസ്കൃതിയുടെ വെൺമയാൽ കടഞ്ഞെടുത്ത ആ അമരത്വത്തിന്റെ അഴകിനെ, യജ്ഞപുണ്യത്തെ കാക്കുന്ന ബ്രഹ്മതത്ത്വത്തെ കവി വാഴ്ത്തുന്നു. കൗഷീതകബ്രാഹ്മണനാളം കൊളുത്തി തൈത്തരീയ ശ്രുതികളിലതിരാത്രങ്ങളുടെ പുൽത്തടുക്കിൽ പ്രതികൃതി (പകരമുണ്ടാക്കിയ ശരീരം) കറുകക്കുമ്പായി മുമ്പിൽ വയ്ക്കുമ്പോൾ അഹമലിഞ്ഞ് വിനയത്തിന്റെ ഉത്കൃഷ്ടഭാവത്തിൽ കവിത വിളങ്ങട്ടെയെന്ന് കവി പ്രത്യാശിക്കുന്നു.

കാവ്യാപഗ്രഥനങ്ങൾക്കപ്പുറം 'സോമയാഗം' വൈദികയാഗസങ്കല്പത്തിന്റെ സമ്പൂർണ വിവരണമായി നമുക്ക് അനുഭവിക്കാനാകും. അതിരാത്രശില്പി വേദരത്നം ഏർക്കര രാമൻ നമ്പൂതിരിയുടെ ശതാഭിഷേകത്തിനെഴുതിയ കവിതയാണ് 'വേദരത്നം.''കുമാരപഞ്ചകം' ദേവസേനാപതിയായ സുബ്രഹ്മണ്യന് സമർപ്പിച്ചെഴുതിയ കവിതയാണ്. വേദശ്രീകല പൂനിലാവിലഭിഷേചിക്കുന്ന പ്രപഞ്ചതത്ത്വത്തിന് മുമ്പിൽ മയിലായി മാറുന്ന കവിമനസ്സ്. 'ഒറ്റമണികൾ' മുക്തകരൂപത്തിൽ പതിനൊന്ന് വിഷയങ്ങൾ പ്രമേയമായ ഒറ്റയൊറ്റശ്ലോകങ്ങളാണ്. അക്ഷരാത്മിക കനിഞ്ഞുനൽകിയ കാവ്യകലയോടുള്ള ആദരവാണ് കവനകൗതുകമെന്ന കവിത. ബാലാദിത്യനെ നെറ്റിയിൽ ചാർത്തുന്ന പ്രപഞ്ചാത്മികയുടെ മാറിലൊരു കൈക്കുഞ്ഞായിത്തീരുന്നു 'അഞ്ജലി' എന്ന കവിതയിൽ കവി. 'ഇതിഹാസച്ചിലമ്പ്' മധുരാപുരിയുടെ ഇതിഹാസമായി മാറിയ 'കണ്ണകി'യെക്കുറിച്ചുള്ള കവിതയാണ്. തോന്നയ്ക്കലിലെ 'സന്ധ്യ' കുമാരനാശാനെയും 'വള്ളത്തോൾ കവിത' വള്ളത്തോളിനെയും അനുസ്മരിക്കുന്നു. 'ധന്യസപ്തതി' പ്രൊഫ:പി.ജി. പുരുഷോത്തമൻ പിള്ളയുടെ സപ്തതി വിഷയമാക്കിയ കവിതയാണ്.

**തനി ഭാരതീയം**

സ്വർണ്ണത്തിനു സുഗന്ധമേറ്റി നാം വർണിക്കാറുള്ളത് മഹത്വമേറെയുള്ള ഒന്നിനെക്കുറിച്ചായിരിക്കും. ഭാരതഭൂമിയുടെ ചരിത്രമാണ് കവി 'അമ്മ വിളിക്കുന്നു' എന്ന കവിതയിൽ പരാമർശിക്കുന്നത്.

"ഓംകാരമന്ത്രങ്ങളുരുക്കഴിച്ചും
ഓംശാന്തിശാന്തിക്കു വിളക്കുവച്ചും
ഓമൽപ്രഭാതങ്ങൾ കുളിച്ചുകൂട്ടും
ഓരോ മനസ്സും തനി ഭാരതീയം' (അമ്മ വിളിക്കുന്നു).
ഭാരതഭൂമിയിൽ,
'പാടങ്ങളിൽ ധാന്യസമൃദ്ധി, യോഗീ
വാടങ്ങളിൽ ധ്യാനസമൃദ്ധിയേവം
കൂടുന്ന സംസ്കാരസുഗന്ധമെത്തി-
ച്ചീടുന്ന കാറ്റിന്ദ്രസദസ്സിലോളം!"

ഈ ആർഷഭൂവിലേക്ക് അവസാനിക്കാത്ത വിശപ്പുമായെത്തിയ പരദേശികൾ 'സ്വസ്ത്യസ്തു' ഓതിയിവിടം കൊള്ളയടിച്ചു. വരത്തരായവർ കരുത്തരായിവിടം ഭരിച്ചു. ശ്രീരാമനെയും ശ്രീകൃഷ്ണനെയും ശ്രീബുദ്ധനെയും അങ്ങനെ ശ്രീത്വങ്ങളെപ്പെറ്റ മാതൃത്വത്തെ തരംപോലെ മക്കൾ മറന്നിരിക്കുന്നു.

"വിളക്കു സന്ധ്യക്കു കൊളുത്തുവാനും
വിളിച്ചുചോദിക്കണമെന്നുവന്നാൽ
ജളത്വം! ആൺമക്കളിലാർക്കുമില്ലേ
തിളച്ചെഴും ചോര തിളങ്ങിടും വാൾ"

എന്ന ചോദ്യത്തോടെ പെറ്റമ്മയും പിറന്ന മണ്ണും സ്വർഗത്തേക്കാൾ മഹത്തരമാണെന്ന് കരുതേണ്ട മക്കളെ അമ്മ തിരിച്ചു വിളിക്കുന്നു.

"മുടിച്ചുതിന്നാൻ കുടിയേറിയോർപ-
ണ്ടിടിച്ചുമണ്ണാക്കിയ കൊത്തളങ്ങൾ
അടിച്ചുടച്ചിട്ട മഹത്ത്വവും നാം
പടുത്തുയർത്തീടുക വീര്യമോടെ!
വരേണ്യയായമ്മ വിളിച്ചിടുന്നു
വരൂ സ്വധർമ്മത്തിനു കാപ്പുകെട്ടു
വരിഷ്ഠമാം പുണ്യപതാക മാനം-
വരിക്കെ, മാനത്തിലുയർത്തിനിൽപ്പൂ!"

ഇപ്രകാരം ദേശാഭിമാനവും മാതൃവാത്സല്യവും സനാതനമൂല്യങ്ങളോടുള്ള വിധേയത്വവും എസ്. രമേശൻനായരുടെ കവിതകൾക്ക് ഒഴിവാക്കാനാകാത്ത വിഷയങ്ങളാണ്.

**ചിത്തിരസ്മൃതി**

'ചിത്തിരസ്മൃതി' തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മയ്ക്കുള്ള ഹൃദയാഞ്ജലിയാണ്. സ്വാതിമേഘം പെയ്ത തിരുവിതാംകൂറിലെ രാജാധികാര ചരിത്രത്തിന്റെ കഥ ഈ സ്നേഹമേഘസ്മൃതിയിലലിഞ്ഞൊടുങ്ങുന്നു. തിരുവുള്ളത്തിൽ സൗന്ദര്യത്താമരപ്പൂ വിരിയുന്ന കനിവിന്റെ തമ്പുരാൻ മാനവികൗന്നത്യത്തിന്റെ ചിത്തിരനക്ഷത്രമാണ്.

"പുണ്യത്താലെന്റെ നാട്ടിൽജ്ജനഹിതമറിയാൻ
പെയ്യുവാൻ വന്നുദിച്ചോ-
രന്യൂനസ്നേഹമേഘത്തിരുവടിയടിയ-
ങ്ങൾക്കു കൺകണ്ട ദൈവം!
..............................................................
കർണ്ണൻപോലെയെരിഞ്ഞുനൽകിയവിട്ട-
നങ്ങേയ്ക്കു കൈവന്നതാം-
സ്വർണ്ണത്തിൻ കവചത്തെയി പ്രജകൾ തൻ
ധർമ്മത്തെ മാനിയ്ക്കുവാൻ
കർണ്ണം പോറ്റിയ കുണ്ഡലങ്ങളെയും! ഈ
നാട്ടാർക്കു നീ ചിത്തമാം-
സ്വർണ്ണക്ഷേത്രകവാടമങ്ങനെ തുറ-
ന്നിട്ടു മഹാപുണ്യമേ!"(ചിത്തിരസ്മൃതി)

ഇങ്ങനെ തീർത്താൽ തീരാത്ത കടപ്പാടിന് മുന്നിൽ താഴ്ത്തിപ്പോകുന്ന ശിരസ്സിൽ കാലം ഹർഷാശ്രുമുത്ത് പതിക്കുന്നു.

അമൃതവർഷിണിയായ 'സ്വാതിമേഘം' വേദശ്രീകലയുടെ സോമയാഗങ്ങളിൽ യജ്ഞപുണ്യമായി നിറഞ്ഞുപെയ്യുന്നു. പൈതൃകസ്മൃതികളുടെ സമ്പന്നതയിൽ തളിർക്കുകയും പൂക്കുകയും ചെയ്യുന്ന പ്രതീക്ഷകളുടെ പ്രഭാതങ്ങളെ നെഞ്ചേറ്റി ശ്രീത്വങ്ങളെ പെറ്റ അമ്മ വായനയുള്ളിൽ മാതൃത്വത്തിന്റെ മധുരം നിറയ്ക്കുന്നു. ഓരോ മനസ്സും തനി ഭാരതീയമാകുന്ന അഭിമാനനിമിഷങ്ങളുടെ അപൂർവകാവ്യ സന്ദർഭങ്ങളാണ് 'സ്വാതിമേഘ'മെന്ന കാവ്യസമാഹാരത്തിൽ നാം അനുഭവിക്കുന്നത്.

**സഹായകഗ്രന്ഥം**

1. സ്വാതിമേഘം - എസ്.രമേശൻനായർ